# പ്ലാച്ചിമട കൊക്കക്കോള കമ്പനി ജനങ്ങൾ കണ്ടുകെട്ടി
# 22 പേർ അറസ്റ്റിൽ
# അറസ്റ്റിലായവർ ജാമ്യം നിഷേധിച്ച് ജയിലിൽ

കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ അട്ടിമറിക്കുന്നതിന് വേണ്ടി നടക്കുന്ന കോർപ്പറേറ്റ് – രാഷ്ട്രീയ ഗൂഢാലോചനയിൽ പ്രതിഷേധിച്ച് പ്ലാച്ചിമടയിലെ കൊക്കക്കോള യുടെ ആസ്തികൾ പിടിച്ചെടുത്ത പ്ലാച്ചിമട സമരസമിതി-ഐക്യദാർഢ്യ സമിതി പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു. കൊക്കക്കോളകമ്പനിക്കുള്ളിൽ പ്രവേശിച്ച 22 പ്രവർത്തകരെയാണ് പോലീസ് അറസ്റ്റുചെയ്തത്. അറസ്റ്റിലായവർ ജാമ്യം നിഷേധിച്ചു. സ്വന്തം ജാമ്യത്തിൽ പോകാനുള്ള കോടതിയുടെ നിർദ്ദേശം സമരപ്രവർത്തകർ തള്ളി. തുടർന്ന് ചിറ്റൂർ മജിസ്ട്രേറ്റ് അവരെ 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു. പ്ലാച്ചിമട കന്നിയമ്മ, തങ്കമണി യമ്മ, മുത്തുലക്ഷ്മി അമ്മ, പാപ്പമ്മ, വിളയോടി വേണുഗോപാലൻ, ടി.കെ. വാസു, എൻ. സുബ്രഹ്മണ്യൻ, വി. സി. ജെന്നി, എൻ.പി. ജോൺസൺ, പുതുശ്ശേരി ശ്രീനിവാസൻ, പി.എ. അശോകൻ, ഫാ. അഗസ്റ്റിൻ വട്ടോളി, കെ.വി. ബിജു, കെ. സഹദേവൻ, സുദേവൻ എം.എൻ. ഗിരി, അഗസ്റ്റിൻ ഒലിപ്പാറ, സുബിദ്.കെ.എസ്, ശക്തിവേൽ, പളനിച്ചാമി, മുത്തുച്ചാമി തുടങ്ങിയവരാണ് അറസ്റ്റിലായത്. ഡിസംബർ 17ന് രാവിലെ 10 മണിക്ക് കന്നിമാരിയിൽ നിന്നും ആരംഭിച്ച 500ഓളം പേർ പങ്കെടുത്ത ബഹുജനമാർച്ച് പ്ലാച്ചിമട കൊക്കക്കോള കമ്പനിക്ക് മുന്നിലേക്ക് വരുകയും തുടർന്ന് ഇരുപതോളം പ്രവർത്തകർ പോലീസ് വലയം ഭേദിച്ച് കമ്പനിക്കുള്ളിൽ പ്രവേശിക്കുകയുമായിരുന്നു. ഇവരെയാണ് അറസ്റ്റ് ചെയ്തത്. പ്ലാച്ചിമടയിലെ ജനതയ്ക്ക് നീതി ലഭ്യമാക്കുന്നതിന് ജനങ്ങൾ സ്വമേധയാ നീതി നടപ്പാക്കേണ്ടതുണ്ട് എന്നാണ് ഇപ്പോഴത്തെ സാഹചര്യങ്ങൾ വ്യക്തമാക്കുന്നതെന്നും അതിനാൽ പ്ലാച്ചിമടയിലെ കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടുമെന്നും സമരസമിതിയും ഐക്യദാർഢ്യസമിതിയും നേരത്തെതന്നെ പ്രഖ്യാപിക്കുകയും സർക്കാറിനെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ലാത്തതിനാലാണ് സമരപ്രവർത്തകർ കമ്പനിയുടെ ആസ്തികൾ കണ്ടുകെട്ടുന്നതായി പ്രഖ്യാപിച്ച്, കമ്പനിക്കുള്ളിൽ പ്രവേശിച്ച് അറസ്റ്റ് വരിച്ചത്.

# ഞങ്ങൾ എന്തുകൊണ്ട് ജാമ്യമെടുക്കാതെ ജയിലിൽ പോകുന്നു?

**പ്ലാച്ചിമട സമര – ഐക്യദാർഢ്യ പ്രവർത്തകർ**

**പ്ലാച്ചിമടയിലെ** ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ആസ്തികൾ 2011 ഡിസംബർ 17 മുതൽ പൊതുജനങ്ങളുടെ സ്വത്തായി മാറിയിരിക്കുകയാണ്. മുൻകൂട്ടി അറിഞ്ഞുകൊണ്ടുതന്നെ ജനങ്ങളുടെ കുടിവെള്ളം കവർന്നെടുക്കുകയും കിണറുകൾ മലിനമാക്കുകയും കൃഷിയിടങ്ങളിൽ മാരക വിഷം കലർത്തുകയും ചെയ്ത ഒരു കമ്പനിയെ 10 വർഷങ്ങൾ പിന്നിട്ടിട്ടും നിയമവിചാരണയ്ക്ക് ശിക്ഷിക്കുന്നതിനോ ജനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനോ എന്തെങ്കിലും തരത്തിലുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനോ ഭരണകൂടം തയ്യാറാകാത്ത സാഹചര്യത്തിലാണ് ജനങ്ങൾ സ്വമേധയാ അധികാരമേറ്റെടുത്ത് നീതിനിർവ്വഹണം നടത്താൻ നിർബന്ധിതരായിട്ടുള്ളത്. ദേശരാഷ്ട്രങ്ങളെത്തന്നെയും വിലയ്ക്കെടുക്കാൻ പോന്ന സാമ്പത്തിക ശേഷികളുള്ള കൊക്കക്കോള കമ്പനിയുടെ (പെപ്സിയുടെയും) ആനുകൂല്യങ്ങൾ പറ്റി അവർക്കുവേണ്ടി വിടുപണിചെയ്യുന്ന രാഷ്ട്രീയനേതൃത്വത്തിന്റെ വാചാടോപങ്ങളിൽ മനംമടുത്താണ് യാഥാർത്ഥമായ ജനാധികാരത്തിന്റെയും പ്രത്യക്ഷ ജനാധിപത്യത്തിന്റെയും തത്വങ്ങൾ പ്രകാരം കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടി പൊതുസ്വത്താക്കി മാറ്റുന്നത്.

പ്ലാച്ചിമട സമരത്തിനനുകൂലമായ പൊതുവികാരവും ലോകാഭിപ്രായവും കുടിവെള്ളത്തിനായുള്ള ജനാവകാശങ്ങളെ സംബന്ധിച്ച സാമാന്യനീതി സങ്കൽപ്പങ്ങളും പരിഗ

ണിച്ചാണ് 2011 ഫെബ്രുവരി 24ന് പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയത്. പക്ഷെ ഒൻപത് മാസങ്ങൾ പിന്നിട്ടിട്ടും ഭാരതരാഷ്ട്രപതി കേരളജനതയുടെ ഏകകണ്ഠമായ ഈ തീരുമാനം അംഗീകരിച്ച് ബില്ലിൽ ഒപ്പുവയ്ക്കാൻ കൂട്ടാക്കിയില്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഇടനാഴികളിൽ അരങ്ങേറിയ ചില ഗൂഢാലോചനകളാണ് ഈ ബിൽ അനന്തമായി വൈകിപ്പിക്കുന്നതിനും നിയമ-ഭരണ നടപടികളിൽ കുരുക്കി പ്ലാച്ചിമട ജനതയ്ക്ക് നീതി നിഷേധിക്കുന്നതിനും ഇടയാക്കിയിട്ടുള്ളത്.

സാമൂഹികജീവിതത്തിന്റെ ഏറ്റവും അടിത്തട്ടിലേക്ക് തള്ളിമാറ്റപ്പെട്ട, വിഭവങ്ങളും അധികാരവും ഏറ്റവും കുറഞ്ഞവരായി മാറിയ, ആദിവാസികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യരോടുള്ള അവഗണനയും പുച്ഛവുമാണ് പ്ലാച്ചിമട പ്രശ്നം വെളിവാക്കുന്നത്. ഈ സാഹചര്യത്തിൽ നിലവിലുള്ള രാഷ്ട്രീയാധികാരവ്യവസ്ഥയേയും ജനവിരുദ്ധമായി പ്രവർത്തിക്കുന്ന നിയമസംവിധാനങ്ങളെയും പരസ്യമായി വെല്ലുവിളിക്കുകയും ധിക്കരിക്കുകയുമല്ലാതെ മറ്റൊരു പോംവഴിയും ജനങ്ങൾക്കുമുന്നിലില്ലെന്ന് വന്നിരിക്കുകയാണ്. പ്ലാച്ചിമടയിലെ കിണറുകളിലെ ജലനിരപ്പ് പാതളത്തിലേക്ക് ആണ്ടുപോയിട്ടും വീണ്ടും 5 ലക്ഷം ലിറ്റർ ജലം വീതം പ്രതിദിനം ഊറ്റിയെടുക്കുന്നതിന് കൊക്കക്കോളയ്ക്ക് അനുമതി നൽകിയ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് സൂചിപ്പിക്കുന്നത് പണത്തിന് മീതെ പരുന്തും പറക്കില്ലെന്ന് തന്നെയാണ്.

കേരള സർക്കാർ നിയോഗിച്ച ഉന്നതതലസംഘം നടത്തിയ വിദഗ്ദാന്വേഷണത്തിൽ കൊക്കക്കോള നടത്തിയ ക്രിമിനൽ കുറ്റകൃത്യത്തിന്റെ തെളിവുകൾ വ്യക്തമാവുകയും 216.26 കോടി രൂപ തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകേണ്ടതുണ്ടെന്നും കണ്ടെത്തി. വീണ്ടും അതിനെ അട്ടിമറിക്കുന്നതിനുള്ള ഉന്നതല ഗൂഢാലോചനകളെ നീതിബോധത്തിന്റെ കരുത്തുകൊണ്ട് നേരിടണമെന്ന തീരുമാനിത്തിന്റെ പേരിലാണ് കേരളത്തിലെ വിവിധ സാമൂഹിക പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് 30 പേർ അറസ്റ്റുവരിച്ച് ജയിൽ പോകുന്നത്.



സമര - ഐക്യദാർഢ്യ പ്രവർത്തകർ അറസ്റ്റ് വരിക്കുന്നു

**ജനവിരുദ്ധ നയങ്ങൾ തുടർച്ചയായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭരണകൂടത്തിന്റെ നേർക്ക് ചടങ്ങ് സമരങ്ങൾ തികച്ചും പ്രയോജനശൂന്യമാണെന്ന് ഞങ്ങൾ കരുതുന്നു. കോടതികൾ ഔദാര്യപൂർവ്വം വച്ചുനീട്ടുന്ന ജാമ്യം സ്വീകരിച്ച് സമരനാടകങ്ങൾ നടത്തി പിരിയുന്നത് പ്ലാച്ചിമട പ്രശ്നത്തോട് കാണിക്കുന്ന വഞ്ചനയായിരിക്കും**

### കോടതികളുടെ ജനവിരുദ്ധത

ഇന്നുമുതൽ ജനങ്ങളുടെ പൊതുസ്വത്തായി മാറുന്ന കൊക്കക്കോളയുടെ ആസ്തികൾക്ക് സംരക്ഷണം നൽകാൻ രംഗത്തെത്തിയിരിക്കുന്ന കോടതിയുടെ നിലപാട് വിചിത്രവും ജനാധിപത്യ വിരുദ്ധവുമാണെന്ന് ചൂണ്ടിക്കാണിക്കട്ടെ. കൊക്കക്കോളയും പെപ്സിയും വാൾമാർട്ടും പോലെയുള്ള കോർപ്പറേറ്റുകളുടെ ലോകാധീശത്വത്തിനെതിരെ ലോകമെമ്പാടും ജനങ്ങൾ തെരുവിലിറങ്ങുന്നതിനിടയിലാണ് പൊതുനിരത്തിൽ പ്രകടനങ്ങൾ പാടില്ലെന്ന് കേരള ഹൈക്കോടതി വിലക്കുകൽപ്പിച്ചത്. തലമുറകളായി നമ്മുടെ പൂർവ്വികർ ചോരയും നീരും നൽകി പണിതീർത്ത പൊതുനിരത്തുകൾ രായ്ക്കുരാമാനം സ്വകാര്യമുതലാളിമാരുടെ ആസ്തികളാക്കി വഴിനടക്കാൻ ചുങ്കം ചോദിക്കുന്ന പകൽക്കൊള്ളയ്ക്ക് മുന്നിൽ കണ്ണും പൂട്ടിയിരിക്കുന്ന നീതി പീഠങ്ങളിൽ നിന്ന് എന്ത് നീതിയാണ് നാം പ്രതീക്ഷിക്കേണ്ടത്?

ജനങ്ങൾ ഏറ്റെടുക്കുന്ന പ്രദേശത്ത് വിമലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രസ്തുത ആസ്തികൾ ജനോപകാര പ്രദമാക്കി വിനിയോഗിക്കുന്നതിനുമുള്ള ജനതയുടെ അവകാശം അംഗീകരിച്ച് ഭരണകൂട ഹിംസയിൽ നിന്ന് പിന്മാറുന്നതിന് സർക്കാറിന് നിർദ്ദേശം നൽകണമെന്ന് ഞങ്ങൾ കോടതിയോട് ആവശ്യപ്പെടുന്നു.

### കേരളസർക്കാറിന്റെ ഷണ്ഡത്വം

തങ്ങൾ ഐകകണ്ഠേന പാസ്സാക്കിയെന്ന് പറയുന്ന ഒരു നിയമ നിർമ്മാണം സാർത്ഥകമാക്കുന്നതിന് ബാധ്യസ്ഥരാണ് കേരള സർക്കാർ. എന്നാൽ നാളിതുവരെ ഒരു ചെറുവിരൽ പോലും അനക്കാതെ ഞങ്ങൾ ഇന്നാട്ടുകാരല്ലെന്ന് ഭാവിച്ചിരിക്കുകയാണ് മന്ത്രി പുംഗവന്മാർ. ആദിവാസിക്ഷേമം കൈകാര്യം ചെയ്യുന്ന ഏകവനിതാ മന്ത്രിയും മിണ്ടാട്ടം മുട്ടിയിരിക്കുകയാണ്. ആഭ്യന്തര മന്ത്രാലയത്തിന് ചുട്ടമറുപടി നൽകുന്നതിനോ ബില്ല് രാഷ്ട്രപതി മ

ടക്കിയാൽ വീണ്ടും സമർപ്പിച്ച് നിയമമാക്കി മാറ്റണമെന്ന് പറയുന്നതിനോ ഉള്ള രാഷ്ട്രീയ സത്യസന്ധത ഇതുവരെയും അവർ പ്രകടിപ്പിച്ചിട്ടില്ല. ദീപസ്തംഭം മഹാശ്ചര്യമെന്നതാണ് ഇതിന്റെ പിന്നിലുള്ള യഥാർത്ഥ താത്പര്യം.

### ജാമ്യം നിഷേധിക്കുന്നത് എന്തുകൊണ്ട്?

ജനവിരുദ്ധ നയങ്ങൾ തുടർച്ചയായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭരണകൂടത്തിന്റെ നേർക്ക് ചടങ്ങ് സമരങ്ങൾ തികച്ചും പ്രയോജനശൂന്യമാണെന്ന് ഞങ്ങൾ കരുതുന്നു. കോടതികൾ ഔദാര്യപൂർവ്വം വച്ചുനീട്ടുന്ന ജാമ്യം സ്വീകരിച്ച് സമരനാടകങ്ങൾ നടത്തി പിരിയുന്നത് പ്ലാച്ചിമട പ്രശ്നത്തോട് കാണിക്കുന്ന വഞ്ചനയായിരിക്കും.

### എന്തുകൊണ്ട് അഹിംസാത്മക സമരം?

പ്ലാച്ചിമട സമരം ഏതെങ്കിലും വ്യക്തികൾക്കെതിരെയുള്ളതല്ല. സാമൂഹിക വ്യവസ്ഥയെ ജനാഭിമുഖ്യമുള്ളതാക്കി മാറ്റുന്നതിനുള്ളതാണ്. മനുഷ്യർക്ക് നേരെ ഹിംസ പ്രയോഗിക്കുന്നതിലൂടെ നീതിനടപ്പാക്കേണ്ടിവരുന്നത് ഒഴിവാക്കാൻ ശ്രമിക്കണമെന്നാണ് ഞങ്ങൾ കരുതുന്നത്. ഭരണകൂടത്തിന്റെ മർദ്ദനോപകരണമായി മാറുന്ന പോലീസിന്റെ അതിക്രമങ്ങൾക്ക് നേരെ ക്ഷമാപൂർവ്വമായ ഒരു പ്രതികരണം തുടർ ഹിംസകളെ ഒഴിവാക്കാൻ പ്രേരിപ്പിക്കുമെങ്കിൽ ജനാധിപത്യപരമായ രാഷ്ട്രീയ പ്രതികരണ രീതികൾക്കുള്ള പ്ലാച്ചിമടയുടെ സംഭാവനയായിത്തീരും എന്ന് പ്രതീക്ഷിക്കുന്നു.

### പ്ലാച്ചിമട സമരം മുന്നോട്ട്

പ്ലാച്ചിമട സമരം നാല് ആവശ്യങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. 1) പ്ലാച്ചിമടയുടെ ആവാസവ്യവസ്ഥയെ നശിപ്പിച്ച കൊക്കകോളാകമ്പനി തദ്ദേശവാസികൾക്ക് നഷ്ടപരിഹാരം നൽകിപുറത്തുപോവുക. 2) പ്ലാച്ചിമടയെ വിഷമയമാക്കിയ കോളാകമ്പനിയെ കുറ്റവിചാരണചെയ്യുക. 3) ജലമുൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ഗ്രാമസഭകൾക്ക് നിയമപരിരക്ഷയോടുകൂടിയ പരമാധികാരം നൽകുക. 4) പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാൻ മലിനീകരണനിയന്ത്രണ നിയമങ്ങളിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക.

മേൽപ്പറഞ്ഞ ആവശ്യങ്ങൾ നേടിയെടുക്കുന്നത് പ്ലാച്ചിമട സമരത്തിന്റെ മാത്രം വിജയമായിരിക്കില്ല. സമരകേരളത്തിന്റെയും ജനാധിപത്യ കേരളത്തിന്റെയും ഭാവി നിർണ്ണയിക്കപ്പെടുന്നത് ഈ ആവശ്യങ്ങളുടെ പൂർത്തീകരണത്തിലൂടെയായിരിക്കും. സമരം തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിന് മുഴുവൻ കേരളീയരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

## പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പാസാക്കുന്നതിന് കേന്ദ്ര – സംസ്ഥാന സർക്കാറുകൾ അടിയന്തിരമായി ഇടപെടുക

### ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം

ന്യൂഡൽഹി : പ്ലാച്ചിമട കൊക്കക്കോള വിരുദ്ധസമിതിയുടെയും പ്ലാച്ചിമട ഐക്യദാർഢ്യസമിതിയുടെയും പ്രവർത്തകരായ വിളയോടി വേണുഗോപാൽ, കന്നിയമ്മ, പാപ്പാൾ, മുത്തുലക്ഷ്മി അമ്മ, എൻ.പി. ജോൺസൺ, എം. സുബ്രഹ്മണ്യൻ, ഫാദർ.അഗസ്റ്റിൻ വട്ടോലി, എം.എൻ.ഗിരി, കെ. സഹദേവൻ തുടങ്ങി 22ഓളം പേർ കൊക്കക്കോള അങ്കണത്തിലേക്ക് കടന്ന് കയറിയതിനെ തുടർന്ന് അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്.

കേരള നിയമസഭ 24-02-2011 ൽ പാസാക്കിയ പ്ലാച്ചിമട കൊക്കക്കോള ദുരിതാശ്വാസ നഷ്ടപരിഹാര പ്രത്യേക ട്രിബ്യൂണൽ ബിൽ 2011 പ്ലാച്ചിമട ഉന്നതാധികാര സമിതിയുടെ കണ്ടെത്തലുകളെ തുടർന്നാണെന്ന് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കേരള ഗവർണർ കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേന ഇന്ത്യൻ രാഷ്ട്രപതിക്ക് മാർച്ച് 30ന് അയച്ചതാണ് ഈ ബിൽ. ഇത് ആഭ്യന്തര മന്ത്രാലയം മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾക്കായി ഏപ്രിൽ 17ന് അയച്ചിട്ടുള്ളതാണ്. സംഗ്രഹിച്ച അഭിപ്രായങ്ങളോടെ അവർ ഈ ബിൽ രാഷ്ട്രപതിക്ക് സമർപ്പിക്കേണ്ടതാണ്. ഈയടുത്ത് കേന്ദ്രസർക്കാർ സംസ്ഥാനസർക്കാരിലേക്ക് തിരിച്ചയച്ചതാണെങ്കിലും സംസ്ഥാന സർക്കാർ ഇന്നേവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

കേന്ദ്രത്തിലും സംസ്ഥാനത്തിലും കോൺഗ്രസ് തന്നെ അധികാരം കയ്യാളുമ്പോൾ ഈ കാലതാമസത്തിന്റെ കാരണം ഞങ്ങൾക്ക് മനസിലാകുന്നില്ല. വിശാലമായ മറ്റൊരു അർത്ഥതലം ഈ കാലതാമസത്തിനുണ്ടോ? കൊക്കക്കോള കമ്പനിയുടെ താൽപര്യങ്ങളെയാണോ സർക്കാർ സംരക്ഷിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഗ്രാമസഭയുടെയും ദുരിതം അനുഭവിക്കുന്ന ജനങ്ങളുടെയും അവകാശങ്ങൾ നിഷേധിക്കുന്ന കേന്ദ്രസംസ്ഥാന സർക്കാരിന്റെ നടപടികൾ തീർത്തും അപലപനീയമാണ്.

2002ലെ ഭൗമ ദിനം മുതൽ തുടർച്ചയായി ഇവിടെ സത്യാഗ്രഹം നടന്നുകൊണ്ടിരിക്കുകയാണെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ഏകദേശം 10 വർഷത്തോളമായി തുടരുന്നു. ഇനിയും എത്രകാലം അവർ കാത്തിരിക്കണം. ജനകീയ സംഘടനകളുടെ സമ്മർദ്ദഫലമായിട്ടാണ് ഈ പ്രത്യേക ട്രിബ്യൂണൽ ബിൽ പാസാക്കാൻ സർക്കാർ തയ്യാറായിട്ടുള്ളത്. നിയമം സർക്കാർ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്. ദുരിതം അനുഭവിക്കുന്ന പ്ലാച്ചിമട ജനതയ്ക്ക് അങ്ങിനെ നീതി ലഭിക്കേണ്ടതാണ്. ഈ കുറ്റങ്ങൾക്കൊക്കെയുള്ള ഉത്തരവാദിത്തം കൊക്കക്കോള കമ്പനി ഏറ്റെടുക്കേണ്ടതാണ്. ജനങ്ങൾക്ക് നീതി ലഭിക്കും വരെ നമ്മുടെ സമരം തുടരുക തന്നെ ചെയ്യും.

**മേധ പട്കർ, സന്ദീപ് പാണ്ഡെ, പ്രഫുല്ല സാമന്ത്റാ, ഗബ്രിയേല ഡിട്രിച്ച്, സുനീതി.എസ്.ആർ, രാജേന്ദ്ര രവി, രാമകൃഷ്ണ രാജു, ആനന്ദ് മസഗോങ്കർ, വിമൽ ഭായ്, മധുരേഷ് കുമാർ**